LIBRARY ARCHIVES Kerala Legislative Assembly

മത്സ്യം പിടിക്കാനുള്ള കത്തക

*൪൭൫. (൪൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഫിഷറീസ് ഡിസമ്പർ ഫസ്റ്റ്-ാംതീയതിക്കുശേഷം ആരെങ്കിലും പുതുതായി പുറംപോക്ക് ജലാശയങ്ങളിൽനിന്നും മത്സ്യം പിടിക്കാനുള്ള കത്തക കൊടുത്തിട്ടുണ്ടോ ;

(ബി) (എ)-യ്ക്ക് ഉത്തരം "അതേ" എന്നാണെങ്കിൽ, ഇതെല്ലാം ഏതേത് ജലാശയങ്ങളാണ് കൊടുത്തിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉണ്ട്.

(ബി) ചേർത്തല എഴുപുന്ന കമ്പോളത്തുപറമ്പിൽ ശ്രീ. അന്തോണി ജോസ്സിനു് ഇറവൂർ വടക്കുപകുതിയിൽ സർവ്വെ ന്യ ന്യ/൨, ന്യ൯/൨-ൽ കരയത്തോടിനും വല്ലയിൽതോടിനും ഇടക്കുള്ള ൨ ഏക്കർ ൭൫ സെൻറ് പുറമ്പോക്ക ജലാശയം മുന്നുകൊല്ലത്തേക്ക് സെൻറ് ഒന്നിനു് ൫ അണവച്ചു് അനുവദിച്ചിട്ടുണ്ട്.

കത്തകപ്പാട്ടം

*൫ ൩൯. (ശ്രീ) ശ്രീ. സി. സി. പ്രസാദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമികൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലത്തേക്കാണ്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കത്തകപ്പാട്ടവ്യവസ്ഥയിൽ കാലാവധിവെച്ചും കാലാവധി കൂടാതെയും ഭൂമി കൊടുത്തിട്ടുണ്ട്.

(ബി) സാധാരണ കാലാവധിവെച്ചു കൊടുക്കുന്നതു് ൧൨ കൊല്ലത്തേക്കാണ്.

നിയമവിരുദ്ധമാക്കപ്പെട്ട സംഘടനകൾ

*൫൭൯. (എ) (൫൫) ശ്രീ. സി. സി. പ്രസാദ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

മദ്രാസിലും കൽക്കട്ടയിലും മറ്റും നിയമവിരുദ്ധസംഘടനകളെ നിയമവിധേയമാക്കികൊണ്ടുള്ള കോടതി തീരുമാനങ്ങൾ ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ) : ഉണ്ട്.

Unstarred Questions and Answers

ഡിറെൻഷൻ ആക്ട്

൨൯. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഡിറെൻഷൻ ഓർഡർ അനുസരിച്ചു് എത്രപേരെ തടങ്കലിൽ വച്ചിട്ടുണ്ട് ;

(ബി) എത്രപേരെ വിമോചിപ്പിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇപ്പോൾ ൨൫ പേർ തടങ്കലിൽ ഉണ്ട്.

(ബി) ൧൩.

പബ്ലിക്ക് സർവ്വീസ്

൩൦. (൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ഒമ്പതുവർഷത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തപ്പെട്ടിട്ടുള്ള പബ്ലിക്ക് സർവ്വീസ് നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക തയ്യാർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരിൽ പുലയവിഭാഗക്കാർ എത്ര;

(സി) പറയർ എത്ര;

(ഡി) കുറവർ എത്ര;

(ഇ) യഥാക്രമം ഏതെല്ലാം സർവ്വീസുകളിൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ, ബി, സി, ഡി, ഇ) ആവശ്യപ്പെട്ടിട്ടുള്ള വിവരത്തിനു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപ്പോഴപ്പോൾ താവമ്മെണ്ടു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ള നിയമനലിസ്റ്റുകളിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മുണ്ടാർ എസ്റ്റേറ്റിലെ കൃഷി സ്ഥലം

൩൧. (൪) ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയെ മറുപടി പറയുമോ.—

(എ) വൈക്കം താലൂക്കിൽ തലയാഴം പകുതിയിലുള്ള മുണ്ടാർ എസ്റ്റേറ്റിനു് ആകെ എത്ര വിസ്തീർണ്ണം ഉണ്ടു്;

(ബി) ആകെയുള്ള വിസ്തീർണ്ണത്തിൽ എത്രമാത്രം ഭാഗം ഇപ്പോൾ കൃഷിയിറക്കിയിട്ടുണ്ടു്;

(സി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു് ഏക്കറിനു് ശരാശരി എന്തു വിളവു് ഉണ്ടായിട്ടുണ്ടു്;

(ഡി) കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തു് ഈ കൊല്ലം പുത്തനായി കൃഷിയിറക്കിയിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എന്താണു്;

(ഇ) തരിശായി ഇട്ടിരിക്കുന്ന സ്ഥലം അടുത്ത കൊല്ലമെങ്കിലും കൃഷി ചെയ്യിപ്പിക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടികൾ താവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്താണു്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨,൫൯൪ ഏക്കർ ൫൭ സെൻറ്.

(ബി) ഉദ്ദേശം ൭൦൦ ഏക്കർ.

(സി) ഉദ്ദേശം ഒരേക്കറിനു് ൩൫ പറവീതം.

(ഡി) ൩൦൦ ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly